# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.155, 17.03.2015 ൽ മറുപടിക്ക്**

**'സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം'**

| ചോദ്യം<br>ശ്രീ.മാത്യു റ്റി.തോമസ്<br>ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീ.സി.കെ.നാണു<br>ശ്രീമതി.ജമീല പ്രകാശം | | ഉത്തരം<br><br>ബഹുമാനപ്പെട്ട മുഖ്യമന്ത്രി<br>ശ്രീ.ഉമ്മൻ ചാണ്ടി |
|---|---|---|
| (എ) | സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം 60 ആക്കി ഉയർത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ ; | 2013 ഏപ്രിൽ 1 നോ അതിനു ശേഷമോ നിയമിച്ച ദേശീയ പെൻഷൻ പദ്ധതിയിൽ അംഗങ്ങളായ എല്ലാ ജീവനക്കാരുടെയും വിരമിക്കൽ പ്രായം 60 വയസായി ഉയർത്തിക്കൊണ്ട് കെ.എസ്.ആർ ഭാഗം ഒന്ന് ചട്ടം 60 ൽ ഭേദഗതി വരുത്തി 31.10.2014 ലെ സ.ഉ(അ)നം.469/2014/ധന പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപ് യുവജന സംഘടനകളുമായി ഫലപ്രദമായ ചർച്ചകൾ നടത്തിയിട്ടുണ്ടോ ; | ഇല്ല. |
| (സി) | നിയമസഭാ വിഷയനിർണ്ണയ സമിതിയുടെ അംഗീകാരത്തോടെയല്ലാതെ ഉത്തരവ് പുറപ്പെടുവിക്കുവാനുണ്ടായ അസാധാരണ സാഹചര്യം എന്തെന്ന് വിശദമാക്കാമോ ; | എയ്ഡഡ് ഹയർ സെക്കണ്ടറി ടീച്ചേഴ്സ് അസോസിയേഷൻ മുതലായ സർവ്വീസ് സംഘടനകൾ ബഹു. ഹൈക്കോടതി മുമ്പാകെ 31.03.2014 ൽ ഫയൽ ചെയ്ത WP(C) 11372/14 ൽ പെൻഷൻ പ്രായം 60 ആക്കി വർദ്ധിപ്പിക്കുന്നതിനു വേണ്ടി കെ.എസ്.ആർ ഭേദഗതി ചെയ്യുന്നതിനുള്ള 30.04.2013 ലെ മന്ത്രിസഭാ തീരുമാന പ്രകാരം ബന്ധപ്പെട്ട ചട്ടത്തിൽ ഭേദഗതി വരുത്തി |

| | | |
|---|---|---|
| | | വിജ്ഞാപനം പുറപ്പെടുവിക്കുകയോ എക്സിക്യൂട്ടീവ് ഓർഡർ പുറപ്പെടുവിക്കുയോ ചെയ്തിട്ടില്ലെന്നും ഇപ്രകാരം ചെയ്യാത്തത് 01.04.2013 ന് മുമ്പ് നിയമിക്കപ്പെട്ടവർ ടി ആനുകൂല്യത്തിനു വേണ്ടി കോടതിയെ സമീപിക്കുന്നത് തടയുന്നതിനു വേണ്ടിയാണെന്നും ആരോപിച്ചിരുന്നു. കൂടാതെ 01.04.2013 ന് മുമ്പ് സർക്കാർ സർവ്വീസിൽ നിയമിതരായവർക്കും പെൻഷൻ പ്രായ വർദ്ധനയുടെ ആനുകൂല്യം ലഭിക്കേണ്ടതാണെന്നും ടി ഹർജിയിൽ പരാതിക്കാർ അവകാശം ഉന്നയിച്ചിരുന്നു. സ്റ്റാറ്റ്യൂട്ടറി ചട്ടങ്ങളിൽ യഥാസമയം ഭേദഗതി വരുത്തിയില്ലെങ്കിൽ അക്കാരണത്താൽ പെൻഷൻ പ്രായ വർദ്ധന കോടതി റദ്ദാക്കാനുള്ള സാദ്ധ്യത ഒഴിവാക്കുന്നതിനു വേണ്ടിയാണ് കേരള നിയമസഭയുടെ കാര്യ നിർവ്വഹണ ചട്ടം 238 പ്രകാരം വിഷയ നിർണ്ണയ സമിതിയുടെ മുൻ അംഗീകാരമില്ലാതെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. |
| (ഡി) | പ്രസ്തുത ഉത്തരവിൽ എന്തെങ്കിലും ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ? | പരിഗണനയിലില്ല. |

**അക്കൗണ്ട്സ് ഓഫീസർ**